പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2763 — 27.01.2014 ന് മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം പൂർത്തീകരിച്ചു വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കുന്നത് ; | (ബി) കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും സൃഷ്ടിക്കാനാണ് കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഈ സ്ഥാപനം ലക്ഷ്യമിടുന്നത്. |
| (സി) സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് ഈ സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) സംസ്ഥാനത്ത് വിവിധ മേഖലകളിലെ തൊഴിലാളികൾക്കും പ്രൊഫഷണലുകൾക്കും വിദഗ്ധ തൊഴിൽ പരിശീലനം നൽകി പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുത്ത് ആവശ്യാനുസരണം സംഭാവന ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യം. |
| (ഡി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ